സംസ്ഥാനത്തെ നാഷണൽ ഹൈവേകൾ

28 [5003] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, വി. ഡി. സതീശൻ:
,, ജോർജ്ജ് ജെ. മാത്യു:
,, ഡൊമിനിക് പ്രസന്റേഷൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നാഷണൽ ഹൈവേകൾ സംസ്ഥാനത്തുകൂടി കടന്നുപോകുന്നുണ്ട്;

(ബി) ഈ നാഷണൽ ഹൈവേകളിൽ എത്ര കിലോമീറ്റർ നാലുവരിപ്പാതയുണ്ട്;

(സി) ഇവയുടെ ബാക്കി ഭാഗം മുഴുവനും നാലുവരിപ്പാതയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൻ. എച്ച്. 17, എൻ. എച്ച്. 47, എൻ. എച്ച്. 47(എ), എൻ.എച്ച്. 49, എൻ. എച്ച്. 208, എൻ. എച്ച്. 212, എൻ. എച്ച്. 213, എൻ. എച്ച്. 220 എന്നീ ദേശീയപാതകൾ സംസ്ഥാനത്തുകൂടി കടന്നുപോകുന്നുണ്ട്.

(ബി) എൻ.എച്ച്. 47-ൽ 44 കി. മീ. ഭാഗം നാലുവരി പാതയാക്കിയിട്ടുണ്ട്.

(സി) എൻ.എച്ച്. 47-ലെ മുഴുവൻ ഭാഗവും നാലുവരി പാതയാക്കി ഉയർത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

പ്രധാന ജില്ലാതല റോഡുകളായി മാറ്റുന്നതിനുള്ള മാനദണ്ഡം

29 [5004] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് റോഡുകളും മറ്റ് ജില്ലാതല റോഡുകളും പ്രധാന ജില്ലാതല റോഡായി മാറ്റാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിർദ്ദേശം പരിഗണനയിലുണ്ട്. പരിശോധിച്ചുവരുന്നു.

(ബി) നിലവിലുള്ള മാനദണ്ഡം താഴെ ചേർക്കുന്നു:

8 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കാനുള്ള സ്ഥലം സൗജന്യമായി ലഭിക്കണം. താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്ന് തൃപ്തികരമായിരിക്കണം:

LIBRARY ARCHIVES Kerala Legislative Assembly

(i) രണ്ട് പഞ്ചായത്തുകളിൽ കൂടിയെങ്കിലും കടന്നുപോകുന്ന റോഡായിരിക്കണം.

(ii) സ്ഥിരമായ ബസ് സർവ്വീസ് ഉണ്ടായിരിക്കണം.

(iii) രണ്ട് പ്രധാന പി.ഡബ്ല്യു.ഡി. റോഡുകളെ ബന്ധിപ്പിക്കുന്നതായിരിക്കണം. വാഹനസാന്ദ്രത, പ്രാദേശിക പിന്നോക്കാവസ്ഥ ഇവയാണ് റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പ്രധാനമായും പരിഗണിക്കാറുള്ളത്.

പി.ഡബ്ല്യു.ഡി. ഒഴിച്ചുള്ള മറ്റ് വകുപ്പുകൾ റോഡ് വെട്ടിമുറിക്കുന്നത് ഒഴിവാക്കാൻ നടപടി

30 [5005] ശ്രീ. ലൂഡി ലൂയിസ്:
„ വർക്കല കഹാർ:
„ വി. ഡി. സതീശൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഒഴിച്ചുള്ള ഗവൺമെന്റ് വകുപ്പുകളും ഏജൻസികളും സ്വകാര്യ സംരംഭകരും വിവിധ ആവശ്യങ്ങൾക്കായി റോഡ് വെട്ടിമുറിക്കുകയോ റോഡുവക്കുകൾ കുഴിക്കുകയോ ചെയ്യുമ്പോൾ അവർ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക പി.ഡബ്ല്യു.ഡി.-യിൽ അടയ്ക്കേണ്ടതായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ചതുരശ്ര മീറ്ററിന് എന്തു തുകയാണ് അടയ്ക്കേണ്ടത്;

(സി) ഈ തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്;

(ഡി) ഇക്കഴിഞ്ഞവർഷവും അതിന് മുമ്പിലത്തെ വർഷവും എന്തു തുക ഇപ്രകാരം പി.ഡബ്ല്യു.ഡി.-യിൽ അടയ്ക്കപ്പെട്ടു;

(ഇ) പ്രസ്തുത തുക പി.ഡബ്ല്യു.ഡി. വർക്കുകൾക്ക് വിനിയോഗിച്ചുവോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും, തുക എന്തുചെയ്തു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ വിവര സാങ്കേതിക വികസനത്തിനായി റോഡ് മുറിക്കുന്ന കേരള കമ്മ്യൂണിക്കേഷൻസ്, ഭാരതി, ബി.എസ്.എൻ.എൽ. മുതലായവർ സംസ്ഥാനതലത്തിൽ തീരുമാനിക്കപ്പെട്ട സംവിധാനമനുസരിച്ച് സ്വന്തം ചെലവിൽ പൂർവ്വ സ്ഥിതിയിലാക്കാമെന്ന നിബന്ധനയിൽ തുകയൊന്നും ഒടുക്കാതെ റോഡ് മുറിക്കാൻ അനുവദിച്ചിട്ടുണ്ട്.

(ബി) റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് താഴെ പറയുന്ന നിരക്കിൽ തുക ഈടാക്കിവരുന്നു:

LIBRARY ARCHIVES Kerala Legislative Assembly